25-12-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA


Chief Editor : PADMAM S. Editor : Dr. Saritha Vijayan K.

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-25/12/2022.

1. എല്ലാ കേര ഗ്രാമങ്ങളും സ്വന്തമായ ബ്രാൻഡിൽ നാളികേര അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കണം എന്ന് കൃഷി മന്ത്രി പി പ്രസാദ്. നാളികേര കൃഷിയുടെ ഉൽപ്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിച്ച് കേരകർഷകരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി, സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം കുറ്റിപ്പാല എം എം പാലസ് ഓഡിറ്റോറിയത്തിൽ വച്ച് നിർവഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മന്ത്രി. ശാസ്ത്രീയമായ കൃഷിരീതികൾ അവലംബിക്കുന്നതിലൂടെയും യന്ത്രവൽകരണത്തിലൂടെയും നാളികേര ഉത്പാദനം വർധിപ്പിക്കാൻ കഴിയും. മൂല്യ വർദ്ധിത ഉൽപന്നങ്ങളുടെ ഉൽപാദനം വിപണനം എന്നിവയിൽ കൃഷിക്കാരൻ നിപുണത ആർജിക്കാൻ വേണ്ടുന്ന പദ്ധതികൾക്ക് മുൻതൂക്കം നൽകണം. മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം തദ്ദേശീയമായി തന്നെ നൽകുമെന്നും കൃഷിമന്ത്രി പറഞ്ഞു.

2. ഇസ്രായേലിൽ പോയി കൃഷി പഠിക്കാൻ കേരളത്തിലെ കർഷകർക്ക് കൃഷി വകുപ്പ് അവസരം ഒരുക്കുന്നു. പരമാവധി 20 കർഷകർക്കാണ് അവസരം. ഈ മാസം 29 വരെ അപേക്ഷിക്കാം. ഇസ്രയേൽ കൃഷിയിലെ സാങ്കേതികവിദ്യകൾ നേരിട്ടുകണ്ടു മനസ്സിലാക്കാനാണ് അവസരം. താൽപര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in) മുഖേന അപേക്ഷിക്കണം. പത്ത് വർഷത്തിന് മുകളിൽ കൃഷി പരിചയവും 50 വയസ്സിന് താഴെയുള്ള, നൂതന രീതികൾ പ്രയോഗിക്കാൻ താല്പര്യമുള്ള കർഷകരെ ആയിരിക്കും തിരഞ്ഞെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക.

3. ഉത്തരമേഖല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം സമഗ്രകൃഷി കൃഷിയിടത്തുതന്നെ പ്രദർശിപ്പിക്കുന്ന **'ഫാം ഷോ'** –യിലേക്ക് അനുയോജ്യമായ 'ലോഗോ' ക്ഷണിച്ചുകൊള്ളുന്നു.

തിരഞ്ഞെടുക്കുന്ന ലോഗോയ്ക്ക് പുരസ്കാരം നൽകുന്നതാണ്. ലോഗോ ഈ മാസം 26-ന് (26.12.2022 –ന്) വൈകുന്നേരം 5 മണിക്ക് മുൻപായി ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാക്കേണ്ടതാണ്.

4. ഉള്ളൂർ സ്റ്റേറ്റ് സീഡ് ഫാമിൽ നിൽക്കുന്ന മരങ്ങളും മരങ്ങളുടെ ശിഖിരങ്ങളും ഈ മാസം 28-ന് (ഡിസംബർ 28) പകൽ 11 മണിക്ക് പരസ്യലേലം വഴി വിൽപ്പന നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10.30-നു മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും 500 രൂപ നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2530035** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. പന്തളം മൃഗാശുപത്രിയിൽ നിന്നും ഓണാട്ടുകര വികസന പദ്ധതിയുടെ ഭാഗമായി പോത്തുകുട്ടിവളർത്തൽ പദ്ധതിക്കു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. പന്തളം മുനിസിപ്പാലിറ്റിയിലുള്ള കർഷകർ പൂരിപ്പിച്ച അപേക്ഷകൾ, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം 2023 ജനുവരി 5 നു മുൻപ് മൃഗാശുപത്രിയിലോ, അടുത്തുള്ള വെറ്ററിനറി സബ് സെന്ററുകളിലോ സമർപ്പിക്കേണ്ടതാണ്.

6. ഐ എഫ് എസ് ആർ എസ് കരമനയിൽ ഗിഫ്റ്റ് തിലാപ്പിയ ഇനം മത്സ്യം ഒരു കിലോക്ക് 150 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. ആവശ്യമുള്ളവർ നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446466239** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒന്നര മാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ വിൽപ്പന ആരംഭിച്ചിരിക്കുന്നു. താൽപ്പര്യമുളളവർ **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

8. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള കൃഷി വിജ്ഞാന കേന്ദ്രം തൃശ്ശൂരും നാളികേര വികസന ബോർഡും സംയുക്തമായി കർഷകർക്ക് **തെങ്ങുകയറ്റ പരിശീലനം, തെങ്ങു കയറ്റ യന്ത്രങ്ങളുടെ ഉപയോഗം, തെങ്ങിന്റെ സംയോജിത രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ, വ്യക്തിത്വ**

**വികസനം, സംരംഭകത്വ വികസന മാർഗ്ഗങ്ങൾ** എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള ആറു ദിവസം നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ള കർഷകർ **9400483754** എന്ന നമ്പറിൽ വിളിച്ചു രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 70 കർഷകർക്കാണ് മുൻഗണന.

9. ഐ എഫ് എസ് ആർ എസ് കരമനയിൽ **സംയോജിത കൃഷി, വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവ് കൃഷി** എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ **9446466239** എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. ക്യാബേജ്, കോളിഫ്ളവർ എന്നിവയിൽ ഇലതീനി പുഴുവിന്റെ ആക്രമണം ഉണ്ടായാൽ ആരംഭ ഘട്ടത്തിൽ തന്നെ പുഴുവിന്റെ ആക്രമണം ബാധിച്ച ഇലകൾ മുട്ട, പുഴു, പ്യൂപ്പ എന്നിവയോട് കൂടിത്തന്നെ നശിപ്പിച്ചു കളയുക. കൂടാതെ വേപ്പിൻകുരു സത്ത് 5% തയ്യാറാക്കി തളിച്ചു കൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ രണ്ട് മില്ലി ഫ്ളൂബെൻഡ്രാമൈഡ് 10 ലിറ്റർ വെള്ളത്തിൽ എന്ന് തോതിലോ അല്ലെങ്കിൽ ക്ളോറാൻട്രാനിലിപ്രോൾ മൂന്നു മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന് തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം